**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 834** **25.01.2018-ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതി**

**ചോദ്യം**
**ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചുള്ള വിശദാംശം നൽകാമോ; | എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നത്.<br>30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് പര്യാപ്തമായ തരത്തിൽ (കോളനികളിൽ) സാമൂഹ്യ പഠന മുറി എന്ന പദ്ധതി തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ഗൈഡൻസ് & കരിയർ കൗൺസലിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ? | ബി) | കരിയർ ഗൈഡൻസ് പുസ്തകങ്ങൾ മത്സര പരീക്ഷാ സഹായികൾ എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ